

02-12-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sreekala S**

**Editor : Dr. Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/12/2022.

1. **ആസാദി കാ അമൃത്** മഹോത്സവത്തിന്റെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഡിസംബർ ഒന്നു മുതൽ ഏഴ് വരെ വിള ഇൻഷുറൻസ് വാരാചരണം സംഘടിപ്പിക്കുന്നു ഇതിന്റെ ഭാഗമായി കേന്ദ്രവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതികൾ ആയ പ്രധാനമന്ത്രി ഫസൽ ബീമാ യോജന കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവയിൽ കർഷകർക്ക് അംഗത്വം എടുക്കാം. കൂടുതൽ വിവരങ്ങൾക്ക് **180-425-7064** എന്ന നമ്പരിൽ ബന്ധപ്പെടുക. രജിസ്ട്രേഷനുള്ള അവസാന തീയതി 2022 **ഡിസംബർ 31** .

2. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടത്ത് പ്രവർത്തിക്കുന്ന NABL Accreditation ലഭിച്ച സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയിലെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പരിശോധനകളും വെള്ളത്തിലെ IS 10500 പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന എല്ലാ പരിശോധനകളും കാലിത്തീറ്റയിലെയും അസംസ്കൃത വസ്തുക്കളിലെയും BIS പ്രകാരമുള്ള എല്ലാ പരിശോധനകളും ലാബിൽ ചെയ്യുന്നുണ്ട്. കുടിവെള്ളത്തിന്റെ അണുഗുണ നിലവാര പരിശോധനകളും കുറഞ്ഞ നിരക്കിൽ ചെയ്തു കൊടുക്കുന്നു. എല്ലാ പരിശോധനകൾക്കും ഗവൺമെന്റ് അംഗീകൃത ഫീസ് ഈടാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് **0471- 2440074, 9495592514** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

3. ഡിസംബർ 5 ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് പാറോട്ടുകോണം ജില്ലാ മണ്ണുപരിശോധന ശാലയുടെയും സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലയുടെയും ആഭിമുഖ്യത്തിൽ നാളെ (ഡിസംബർ 3) ആനയറ വേൾഡ് മാർക്കറ്റ് കോംപ്ലക്സിൽ പ്രചാരണ ക്യാമ്പയിൻ സൗജന്യ മണ്ണ് പരിശോധനയും 5-ന് പട്ടം ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് ജില്ലാ പഞ്ചായത്ത് വഴിയുളള 33 ക്യാമ്പയിനുകളുടെ ഉദ്ഘാടനവും സംഘടിപ്പിച്ചിരിക്കുന്നു.

4. വെള്ളായണി കാർഷിക കോളേജിൽ ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ വിളകളുടെ ജൈവ വൈവിധ്യ സംരക്ഷണവും പഠനവും ലക്ഷ്യമിടുന്നു.

പദ്ധതിയുടെ ഭാഗമായി **വാഴ, മാവ്, നെല്ല്, ചെറുധാന്യങ്ങൾ, പയറുവർഗ വിളകൾ, കിഴങ്ങു വർഗ വിളകൾ, പച്ചക്കറി വിളകൾ, സുഗന്ധ വ്യഞ്ജനങ്ങൾ** എന്നീ വിളകളിൽ കേരളത്തിന്റെ തനതായ നാടൻ ഇനങ്ങളും അപൂർവ ഗുണങ്ങളുള്ള ഇനങ്ങളും കൃഷി ചെയ്യുന്ന അല്ലെങ്കിൽ അവയെ കുറിച്ച് വിവരമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ, വാട്സാപ്പ് സന്ദേശം അയയ്ക്കുകയോ ചെയ്യണമെന്ന് കോളേജ് ഡീൻ അറിയിച്ചു.

| | |
|---|---|
| മാവ് | **9946867991** |
| വാഴ | **9497453663** |
| നെല്ല് | **9495817932** |
| ചെറുധാന്യങ്ങൾ,<br>പയറുവർഗ വിളകൾ,<br>കിഴങ്ങുവർഗ വിളകൾ | **9446177109** |
| സുഗന്ധവ്യഞ്ജനങ്ങൾ | **8547105571** |
| പച്ചക്കറി വിളകൾ | **9495974675** |

5. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ചോപ്പിംഗ് മെഷീൻ ഡിസംബർ 09-ന് രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു. താൽപര്യമുള്ളവർ ലേല സമയത്തിന് മുമ്പായി ആയിരം രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. കാർഷിക സർവകലാശാലയുടെ കൊട്ടാരക്കര സദാനന്ദപുരത്തുള്ള കൃഷി ഗവേഷണ കേന്ദ്രത്തിൽ **തേനീച്ച വളർത്തൽ, കൂൺ കൃഷി** എന്നിവയിൽ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഡിസംബർ ആദ്യവാരമാണ് പരിശീലനം. ഇന്ന് (ഡിസംബർ രണ്ട് ) വരെ പേര് രജിസ്റ്റർ ചെയ്യാം. തേനീച്ച

കൃഷിയെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **7907014734** എന്ന ഫോൺ നമ്പരിലും**,** കൂൺ കൃഷിയെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **8848914791** എന്ന ഫോൺ നമ്പരിലും ബന്ധപ്പെടുക.

7. തിരുവനന്തപുരം, പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 5 മുതൽ ഡിസംബർ 16 വരെ**യുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി ക്ഷീരോൽപന്ന നിർമ്മാണത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ **നാളെ (ഡിസംബർ 3-ാം** തിയതി) വൈകുന്നേരം 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം - 695004 എന്ന മേൽവിലാസത്തിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, **0471 – 2440971** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** ഡിസംബർ 05 മുതൽ 09 വരെ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം, റബ്ബർകോമ്പൗണ്ടിങ്, പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

9. പയറിൽ കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ രണ്ട് മില്ലി ഫ്ളൂബെന്റാമൈഡ് 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ മൂന്ന് മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന് തോതിലോ തളിച്ചു കൊടുക്കാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. വെള്ളരി വർഗ്ഗ പച്ചക്കറികളിൽ കായീച്ചയുടെ ആക്രമണം നിയന്ത്രിക്കാനായി കേടുവന്ന കായകൾ പറിച്ച് നീക്കം ചെയ്ത് നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറോമോൺ കെണിയായ ക്യൂലൂർ ആറ് എണ്ണം ഒരു ഏക്കറിന് അല്ലെങ്കിൽ പാളയങ്കോടൻ പഴക്കെണികൾ ഉപയോഗിക്കുക. എന്നിട്ടും കുറവില്ലെങ്കിൽ രണ്ട് മില്ലി സായാൻട്രാനിലിപ്രോൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം